**അടിയന്തരപ്രമേയം**

വന്യജീവി ആക്രമണം

മി. സ്പീക്കർ: വയനാട് ചാലിഗദ്ദയിൽ നാട്ടിലിറങ്ങിയ കാട്ടാന ട്രാക്ടർ ഡ്രൈവറായ അജീഷിനെ ചവിട്ടിക്കൊന്ന സംഭവം വനയോര മേഖലയിലെ ജനങ്ങളിൽ അരക്ഷിതാവസ്ഥയും ആശങ്കയും ഉളവാക്കിയിട്ടുള്ളതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തവയ്ക്കണമെന്ന പ്രമേയം പരിഗണനയ്ക്കെടുക്കണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. ടി. സിദ്ദിഖ്, പി. ഉബൈദുള്ള, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ നൽകിയിട്ടുള്ള നോട്ടീസിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ വളരെ പരിഗണന അർഹിക്കുന്ന ഗൗരവത്തിൽ ചർച്ച ചെയ്യേണ്ട വിഷയം തന്നെയാണ്. എന്നാൽ ഈ ഘട്ടത്തിൽ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതുണ്ടോയെന്ന പ്രശ്നത്തിൽ അത് ഉണ്ടാകേണ്ടതല്ല ചെയ്യുകയെന്ന നിലപാടാണ് സർക്കാരിനുള്ളത്. (......ബഹളം......)

<u>മി. സ്പീക്കർ</u>: പ്ലീസ്........ പ്ലീസ്........ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയട്ടെ.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട അംഗത്തിനും ഇവിടെ ഇക്കാര്യം സംസാരിക്കാൻ അവസരമുണ്ടല്ലോ. അക്കാര്യം ക്ഷമയോടുകൂടി കേൾക്കാൻ ഗവൺമെന്റ് തയ്യാറാണ്. പക്ഷേ ആ ക്ഷമ പ്രതിപക്ഷത്തുനിന്നും ഉണ്ടാകുന്നില്ല എന്നത് ദൗർഭാഗ്യകരമാണ്. വനം വകുപ്പ് നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സംവിധാനമാണ്. വനം വകുപ്പ് മാത്രമല്ല, എല്ലാ വകുപ്പുകളും നിയമത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നവരാണ്. എം.എൽ.എ.-മാരും അങ്ങനെതന്നെയാണ് പ്രവർത്തിക്കുന്നത്. അതുകൊണ്ട് നിലവിലുള്ള നിയമങ്ങളനുസരിച്ച് പ്രവർത്തിക്കാനാണ് വനം വകുപ്പ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. എല്ലാവർക്കും അറിയാവുന്നതുപോലെ വനം വകുപ്പുമന്ത്രിയുടെ ഭരണഘടനാപരമായ/ നിയമപരമായ ചുമതല വന സംരക്ഷണവും വന്യജീവി സംരക്ഷണവുമാണ്. ഒരു ഗവൺമെന്റ് എന്ന നിലയിൽ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട ബാധ്യത ഗവൺമെന്റിനുണ്ട്. ഇത് രണ്ട് കാര്യങ്ങളുടെയും ഇടയിൽനിന്നുകൊണ്ടാണ് വനം വകുപ്പും അതിലെ

ജീവനക്കാരും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെന്ന് ദയവായി മനസ്സിലാക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. ഏറ്റവുമൊടുവിൽ, കർണ്ണാടക വനത്തിൽനിന്നും കടന്നുവന്ന ആനയാണ് മാനന്തവാടിയ്ക്കടുത്ത് ഒരു ചെറുപ്പക്കാരനെ വീട്ടുമുറ്റത്തുവച്ച് ചവിട്ടിക്കൊന്ന ദാരുണമായ സംഭവമാണുണ്ടായത്. ആ കുടുംബത്തിന് അനുഭവിക്കേണ്ടിവന്നതും അനുഭവിച്ചുകൊണ്ടിരിക്കുന്നതുമായ ദുഃഖത്തിലും നഷ്ടത്തിലും സഭയാകെ അവരോടൊപ്പം പങ്കുചേരുകയാണ്. ഇത്തരം സംഭവങ്ങൾ ട്രെയ്സ് ചെയ്യാൻ സാങ്കേതികമായ ചില ബുദ്ധിമുട്ടുകളുണ്ടായി എന്ന കാര്യം ഞാൻ മറച്ചുവയ്ക്കുന്നില്ല. കർണ്ണാടക സംസ്ഥാനത്തുനിന്നും കഴിഞ്ഞ മാസം ജനുവരി 30-ാം തീയതി മയക്കുവെടി വച്ച് പിടിച്ച ആനയാണ് റേഡിയോകോളർ ഘടിപ്പിച്ചതിനുശേഷം നമ്മുടെ വനമേഖലയിലും ജനവാസകേന്ദ്രങ്ങളിലേയ്ക്കെത്തുകയും ചെയ്തത്. ജനവാസമേഖലയിൽ വന്ന ആന ഒരു ചെറുപ്പക്കാരന്റെ ദാരുണമായ മരണത്തിന് കാരണക്കാരനാകുകയും ചെയ്തു. ആ ഘട്ടത്തിൽ ഉയർന്നുവന്ന ഒരു ആക്ഷേപം, റേഡിയോകോളർ സംവിധാനത്തിലൂടെ ആനയെക്കുറിച്ചുള്ള വിവരങ്ങൾ ലഭിക്കാനുള്ള സാധ്യതയുണ്ടായപ്പോൾ മുൻകരുതലെടുക്കാൻ എന്തുകൊണ്ട്

കഴിഞ്ഞില്ല എന്ന പ്രശ്നമാണ്. പക്ഷേ വളരെ പക്വതയോടുകൂടി മറ്റൊരു സംസ്ഥാനത്തെ കുറ്റപ്പെടുത്തിക്കൊണ്ടുള്ള ഒരു പരാമർശം ഈ ഘട്ടത്തിൽ ഉന്നയിക്കാൻ ഞാൻ ശ്രമിക്കുന്നില്ല. മൂന്നുമണിക്കൂർ ഗ്യാപ്പിൽ മാത്രമാണ് ആനയെക്കുറിച്ചുള്ള സിഗ്നൽ ലഭിച്ചുകൊണ്ടിരുന്നത്. അതൊരു വീഴ്ചയായിത്തന്നെ നമ്മൾ കണക്കാക്കുകയാണ്. പക്ഷേ അതിന്റെ പേരിൽ ഒരു ഗവൺമെന്റിനെയോ/സംസ്ഥാനത്തെയോ കുറ്റപ്പെടുത്തി സംസാരിക്കുന്നത് ഉചിതമല്ലെന്നാണ് എനിക്ക് തോന്നുന്നത്. എന്നാൽ വൈകിയാണ് വിവരങ്ങൾ ലഭിച്ചുകൊണ്ടിരുന്നതെങ്കിലും രാവിലെ ആറുമണി മുതൽ നമ്മുടെ ഉദ്യോഗസ്ഥർ അവിടെ എത്തുകയും ചെയ്യാൻ കഴിയുന്ന എല്ലാ നടപടികളും സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അതിനുശേഷം കൂടുതൽ അപകടങ്ങളുണ്ടാകാതെ ശ്രദ്ധിക്കാനും കഴിഞ്ഞിട്ടുണ്ട്. വനം വകുപ്പിലെ ഉദ്യോഗസ്ഥർ തന്നെയാണ് അപകടത്തിൽപ്പെട്ട ഈ ചെറുപ്പക്കാരനെ ആശുപത്രിയിലെത്തിച്ചതെന്ന് ഈ ഘട്ടത്തിൽ പ്രത്യേകമായി പറയുകയാണ്. പിന്നീട് അവിടെനിന്നും ഉയർന്നുവന്ന ആവശ്യം ആനയെ വെടിവയ്ക്കണമെന്നായിരുന്നു. ആ ആവശ്യം സംബന്ധിച്ച് കൽപ്പറ്റ എം.എൽ.എ.-യും മാനന്തവാടി എം.എൽ.എ.-യും ഞാനുമായി നിരന്തരം

സമ്പർക്കം പുലർത്തിയിരുന്നുവെന്ന് അവർക്ക് രണ്ടുപേർക്കും അറിയാവുന്നതാണ്. ഇന്നലെ അഞ്ചര മണി മുതൽ പുൽപ്പള്ളി സ്റ്റേഷനിൽനിന്നും നൂറ്റമ്പതോളം വനം വകുപ്പ് ജീവനക്കാർ പങ്കെടുത്തുകൊണ്ടുള്ള ഓപ്പറേഷനാണ് നടന്നുവന്നത്. നാല് വെറ്ററിനറി ഡോക്ടർമാരും അവിടത്തെ ആറ് ഡി.എഫ്.ഒ.-മാരും ചേർന്നുള്ള ഒരു ടീമാണ് ആ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. സിഗ്നൽ ലഭിക്കുന്നതിനുള്ള കാലതാമസം വന്നതുകൊണ്ട് കോയമ്പത്തൂരിൽനിന്നും വാങ്ങിയ ആനയെ ഉപയോഗിച്ചാണ് ഇപ്പോൾ ലൊക്കേഷൻ കണ്ടെത്തുന്നത്. ദൗർഭാഗ്യവശാൽ ഈ ദാരുണ സംഭവത്തിനുശേഷമാണ് കർണ്ണാടകത്തിൽനിന്നും ഇതിനുള്ള കണക്ഷൻ ലഭ്യമാക്കിയത്. ഇതിനോടൊപ്പംതന്നെ നിരവധി പ്രവർത്തനങ്ങൾ അടിയന്തരമായി അവിടെ നടപ്പാക്കേണ്ടതുണ്ടെന്ന് ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പ് ആസ്ഥാനത്ത് വനം വകുപ്പ് മേധാവിയും അവിടത്തെ ഉദ്യോഗസ്ഥരുംകൂടി ഇന്നലെ രാവിലെ യോഗം കൂടിയിരുന്നു. നിലവിലുള്ള സാഹചര്യം പരിശോധിക്കുന്നതിനും ഇത്തരത്തിലുള്ള സംഭവങ്ങൾ ഭാവിയിലുണ്ടാകാതിരിക്കാനും ചീഫ് വൈൽഡ് വാർഡന്റെ നേതൃത്വത്തിൽ

ഒരു ഇന്റർ സ്റ്റേറ്റ് കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ആ കമ്മിറ്റി രണ്ട് ദിവസത്തിനകം യോഗംചേർന്ന് ഇത്തരത്തിലുള്ള പോരായ്മകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. വയനാട് ജില്ലയിൽ മൂന്ന് ഫോറസ്റ്റ് ഡിവിഷനുകളാണുള്ളത്. പലപ്പോഴും ഇവർ തമ്മിലുള്ള കോ-ഓർഡിനേഷൻ നമ്മുടെ പ്രവർത്തനങ്ങൾക്ക് സഹായകരമായി മാറുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പോലീസ് വകുപ്പുമായും റവന്യൂ വകുപ്പുമായും ചേർന്ന് ഒരു കൺട്രോളിംഗ് റൂം ഇന്നലെമുതൽ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ജില്ലാഭരണകൂടവും പോലീസും ഇക്കാര്യത്തിൽ നല്ലനിലയിലുള്ള സഹകരണമാണ് നൽകിക്കൊണ്ടിരിക്കുന്നത്. വയനാട് ജില്ലയ്ക്ക് സ്വന്തമായി ഒരു ആർ.ആർ.ടി. (റാപ്പിഡ് റെസ്പോൺസ് ടീം) മാത്രമേയുള്ളൂ. ഇക്കാര്യം കണക്കിലെടുത്ത്, ഇപ്പോൾ പാസ്ഔട്ടായ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരിൽ 170 പേരെ വയനാട് ജില്ലയിൽ നിയമിക്കുകയാണ്. ഇവരെ ഉൾപ്പെടുത്തി രണ്ട് സ്പെഷ്യൽ ആർ.ആർ.ടി.-കൾ രൂപീകരിക്കുന്നതിന് കഴിഞ്ഞ ദിവസം തീരുമാനമെടുത്തിട്ടുണ്ട്. അങ്ങനെ കൂടുതൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടപ്പാക്കാൻ കഴിയും. മൂന്ന് സംസ്ഥാനങ്ങളിലെ പ്രിൻസിപ്പൽ

സെക്രട്ടറിമാരടങ്ങുന്ന ഒരു ഉന്നതതല സമിതിക്ക് രൂപം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് കേരളത്തിന്റെ പ്രിൻസിപ്പൽ സെക്രട്ടറി, മറ്റ് സംസ്ഥാനങ്ങളിലെ പ്രിൻസിപ്പൽ സെക്രട്ടറിമാരുമായി ആശയവിനിമയം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇനിയുള്ള ദിവസങ്ങളിൽ അന്തർസംസ്ഥാന അതിർത്തികളിൽ നിരീക്ഷണം ശക്തിപ്പെടുത്തേണ്ടതുണ്ട്. ആനകളോ മറ്റ് വന്യജീവികളോ ഈ പ്രദേശത്ത് വരാതിരിക്കുന്നതിന് അതിർത്തി മേഖലയിലെ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതോടൊപ്പംതന്നെ അതിശക്തമായ പട്രോളിംഗും നിരീക്ഷണവും ആവശ്യമാണ്. ഇത്തരത്തിൽ ഗവൺമെന്റിന് സാധ്യമായ എല്ലാ കാര്യങ്ങളും ക്രമപ്രകാരംതന്നെ നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് ചെയ്യുന്നതായിരിക്കും. വനം വകുപ്പിലെ ജീവനക്കാരും മനുഷ്യരാണെന്നും ജീവൻ പണയം വച്ചാണ് അവർ പ്രവർത്തിക്കുന്നതെന്നുമുള്ള കാര്യംകൂടി ഈ സാഹചര്യത്തിൽ നാം ഓർമ്മിക്കണം. അവരുടെ ആത്മവിശ്വാസത്തെ തകർക്കുന്ന വിധത്തിലുള്ള ദൗർഭാഗ്യകരമായ സംഭവങ്ങൾ അവിടെയുണ്ടായി. ഭാവിയിൽ അത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ജനപ്രതിനിധികൾ കൂടുതൽ ശ്രദ്ധ കാണിക്കുന്നത്

നല്ലതായിരിക്കും. ഈ സർക്കാർ എല്ലാ കാര്യങ്ങളും വളരെ ഫലപ്രദമായി നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുന്ന സാഹചര്യത്തിൽ, അവിടത്തെ വനം വകുപ്പിലെ ജീവനക്കാർക്ക് ആത്മവിശ്വാസം പകരേണ്ട ഈ ഘട്ടത്തിൽ ചർച്ചകളിലൂടെ അവരുടെ മനോവീര്യം തകർക്കുന്ന നിലപാട് സ്വീകരിക്കുന്നത് ഉചിതമായിരിക്കില്ലെന്ന് കരുതുന്നതിനാൽ സഭ നിർത്തിവച്ച് ഈ പ്രശ്നം ചർച്ച ചെയ്യേണ്ടതില്ല എന്നാണ് ഗവൺമെന്റിന്റെ നിലപാട്.

ശ്രീ. ടി. സിദ്ദിഖ്: സർ, ഏറെ വേദനയോടെയും ദുഃഖത്തോടെയുമാണ് ഈ അടിയന്തരപ്രമേയം സഭയിൽ അവതരിപ്പിക്കുന്നത്. ഈ വിഷയം നേരത്തെ പല തവണ ചർച്ച ചെയ്തതാണ്. ബഹുമാന്യരായ സണ്ണി ജോസഫ്, ഐ. സി. ബാലകൃഷ്ണൻ, സജീവ് ജോസഫ് തുടങ്ങി മലയോര മേഖലയിലെ എല്ലാ എം.എൽ.എ.-മാരും വന്യജീവി സംഘർഷവുമായി ബന്ധപ്പെട്ട് വിവിധ തലങ്ങളിലുള്ള ഇടപെടലിന് നേതൃത്വം കൊടുത്തെങ്കിലും അവയൊന്നുംതന്നെ ഗവൺമെന്റ് തലത്തിൽ പൂർത്തീകരിച്ച് പദ്ധതിയും പരിപാടികളും ശാസ്ത്രീയമായ ഇടപെടലുമൊക്കെയായി പരിണമിക്കുന്നതിലുണ്ടായ ഗുരുതരമായ വീഴ്ചയാണ് ഈ

അടിയന്തരപ്രമേയത്തിൽ പരാമർശിക്കുന്ന അജീഷിന്റെ മരണത്തിന്റെ നിദാനം. വയനാട് മാനന്തവാടി പയ്യമ്പള്ളി കുറുക്കൻമൂല ചാലിഗദ്ദയിൽ ഒരു കുടുംബത്തിന്റെ ഏക അത്താണിയായിരുന്നു കാട്ടാന ആക്രമണത്തിൽ കൊല്ലപ്പെട്ട അജീഷ്. എൺപത് വയസുള്ള പിതാവും പക്ഷാഘാത ബാധിതയായ മാതാവും ഭാര്യയും രണ്ട് മക്കളുമടങ്ങുന്ന കുടുംബത്തിന്റെ ഏക ആശ്രയമായിരുന്നത് നാൽപ്പത്തിയാറ് വയസുള്ള ഈ ചെറുപ്പക്കാരനാണ്. പുല്ലുവെട്ട് യന്ത്രമുപയോഗിച്ച് പുല്ല് വെട്ടുന്ന ഒരു സാധാരണക്കാരനും ട്രാക്ടർ ഡ്രൈവറുമാണ് അദ്ദേഹം. രാവിലെ രണ്ട് തൊഴിലാളികളെ അന്വേഷിച്ചാണ് അദ്ദേഹം പുറത്തേയ്ക്കിറങ്ങിയത്. കാട്ടാന വരുന്നത് കണ്ട് മറ്റുള്ളവരോട് ഓടി രക്ഷപെടാനും കുട്ടികളോട് വീട്ടിലേയ്ക്ക് ഓടിക്കയറാനും പറഞ്ഞതിനുശേഷം, പതിനൊന്നോളം വരുന്ന സ്റ്റെപ്പുകൾ ഓടിക്കയറി, ഗേറ്റടച്ചിരുന്നതിനാൽ മറുഭാഗത്തുകൂടി ഓടി മുന്നോട്ടുപോകുമ്പോൾ സെക്കന്റുകൾക്കകം കാട്ടാന വീടിന്റെ മുറ്റത്തേയ്ക്കെത്തി നിലത്തുവീണ അജീഷിനെ തുമ്പിക്കൈകൊണ്ട് അടിച്ച് നെഞ്ചിൽ ചവിട്ടി വളരെ ദൃഗീയമായി കൊലപ്പെടുത്തുകയാണുണ്ടായത്. വനസംരക്ഷണവും വന്യജീവി സംരക്ഷണവുമാണ് തന്റെ പ്രധാനപ്പെട്ട ഉത്തരവാദിത്വമെന്ന് ബഹുമാനപ്പെട്ട

മന്ത്രി ഇവിടെ പറയുകയുണ്ടായി. വന്യജീവികൾക്ക് സംരക്ഷണം കൊടുക്കേണ്ടത് കാട്ടിലാണ്, വീട്ടിലും നാട്ടിലുമല്ല എന്ന പരമപ്രധാനമായ ബോധ്യം അങ്ങേയ്ക്കുണ്ടാകണം. അങ്ങയുടെ ഈ സമീപനത്തിലൂടെ വളരെ ദൗർഭാഗ്യകരമായ സാഹചര്യമാണ് ഉടലെടുത്തിരിക്കുന്നത്. നിയമസഭയിലെ മറുപടികളിൽ നേരത്തെയും അങ്ങ് പലതവണ ഈ സമീപനം വ്യക്തമാക്കിയിട്ടുണ്ട്. 580 കി.മീ. നീളവും 75 കി.മീ. വീതിയുമുള്ള കേരളത്തിന്റെ ഭൂവിസ്തൃതിയുടെ 29.1 ശതമാനം (11309.47 ച.കി.മീ.) സ്ഥലം വനഭൂമിയാണ്. അൻപത് ലക്ഷത്തോളം വരുന്ന സാധാരണക്കാരാണ് വന്യജീവി സംഘർഷ മേഖലയിൽ താമസിക്കുന്നത്. അന്തസ്സോടുകൂടിയും ഭയമില്ലാതെയും ജീവിക്കാനുള്ള അവകാശം ഭരണഘടനയുടെ ആർട്ടിക്കിൾ 21 പ്രകാരം ജനത്തിന്റെ മൗലിക അവകാശമാണ്. ഇത് ഉറപ്പാക്കേണ്ട ഉത്തരവാദിത്വം സർക്കാരിനാണ്. സ്വത്ത്, കൃഷി എന്നിവയ്ക്ക് മാത്രമല്ല, മലയോരത്തെ മനുഷ്യ ജീവനും പുല്ലുവില പോലുമില്ലാത്ത ഗുരുതരമായ സാഹചര്യം ഇന്ന് കേരളത്തിൽ, പ്രത്യേകിച്ച് വയനാട്ടിൽ രൂപപ്പെട്ടിരിക്കുകയാണ്. വയനാട് ജില്ലയിലെ സാമൂഹ്യ അന്തരീക്ഷത്തെക്കുറിച്ച് നാം ആലോചിക്കേണ്ടതാണ്. അവിടെ സാമൂഹ്യ

ജീവിതം തകർന്നിരിക്കുകയാണ്. വൈകുന്നേരം ആറ് മണിക്ക് ശേഷമോ പുലർച്ചെ അഞ്ച് മണിക്ക് മുമ്പോ പുറത്തിറങ്ങാൻ കഴിയാത്ത സാഹചര്യമാണ് അവിടെയുള്ളത്. ഇപ്പോൾ പകൽ സമയങ്ങളിലും പുറത്തിറങ്ങാൻ കഴിയുന്നില്ല. ബത്തേരി, മാനന്തവാടി ടൗണുകളിലാണ് കാട്ടാന വന്നത്. എന്റെ നിയോജകമണ്ഡലത്തിലെ പടിഞ്ഞാറത്തറ ടൗണിലാണ് കടുവ വന്നത്. കടുവ, പുലി, കാട്ടുപോത്ത്, കാട്ടാന തുടങ്ങി എല്ലാ വന്യമൃഗങ്ങളും വിഹരിക്കുന്ന കേന്ദ്രമായി വയനാട് മാറിക്കൊണ്ടിരിക്കുന്ന ഗുരുതരമായ സാഹചര്യമാണുള്ളത്. അവിടെ വന്യജീവി ആക്രമണത്തിൽ ആളുകൾ മരണപ്പെട്ടതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. തൊഴിലാളികളെ അന്വേഷിച്ച് പോയ സന്ദർഭത്തിലാണ് അജീഷ് കൊല്ലപ്പെടുന്നത്. എന്റെ നിയോജകമണ്ഡലത്തിലെ മേപ്പാടിയിലെ കുഞ്ഞവറാൻ മരിക്കുന്നത് തോട്ടം തൊഴിലിന് പോകുന്ന സമയത്താണ്. വീട്ടിലെ ജീവനോപാധിയായ പശുവിന് പുല്ലരിയാൻ പോയപ്പോൾ പ്രജീഷ് എന്ന മുപ്പത്തിയാറ് വയസ്സുള്ള ചെറുപ്പക്കാരനെ കടുവ പിടിക്കുകയും അറുപത് മീറ്റർ അപ്പുറത്തേയ്ക്ക് വലിച്ചുകൊണ്ടുപോയി പച്ചയോടെ ഭക്ഷിക്കുകയാണുണ്ടായത്. ഇതെല്ലാം

സംഭവിക്കുന്നത് പകൽ സമയത്താണ്. അങ്ങ് വയനാടിന്റെ ചുമതലയുള്ള ബഹുമാന്യനായ മന്ത്രിയാണ്. അങ്ങ് ഡൽഹിയിലും മറ്റും പോയതിന് ഞങ്ങൾ എതിരല്ല, അതെല്ലാം അങ്ങയുടെ അവകാശമാണ്. കടുവയുടെ ആക്രമണത്താൽ കൊല്ലപ്പെട്ട പ്രജീഷിന്റെ വീട്ടിൽ പോകാനോ കുടുംബാംഗങ്ങളെ സാന്ത്വനിപ്പിക്കാനോ അങ്ങേയ്ക്കും അങ്ങയുടെ ഗവൺമെന്റിന്റെ പ്രതിനിധികൾക്കും സാധിച്ചോ എന്ന് അങ്ങയോട് വളരെ വിനീതമായി ചോദിക്കുകയാണ്. ബഹുമാന്യനായ ഐ. സി. ബാലകൃഷ്ണൻ, എം.എൽ.എ. ഈ അസംബ്ലിയിൽ, തന്റെ നിയോജകമണ്ഡലത്തിലെ ബത്തേരി മേഖലയിലെ അഞ്ച് കടുവകളുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറഞ്ഞപ്പോൾ അദ്ദേഹത്തെ അധിക്ഷേപിക്കാനാണ് അങ്ങ് താൽപ്പര്യം കാണിച്ചത്. 'ലജ്ജിക്കുന്നു' എന്ന പദപ്രയോഗം ഉൾപ്പെടെ അങ്ങ് നടത്തുകയുണ്ടായി. ഈ സമീപനം ശരിയാണോയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഗൗരവമായി ആലോചിക്കണമെന്നുള്ളത് ഈ സന്ദർഭത്തിൽ പറയുന്നു. കേരളത്തിൽ എട്ട് വർഷംകൊണ്ട് 909 ആളുകളാണ് വന്യമൃഗ ആക്രമണത്തിൽ മരണപ്പെട്ടതെന്ന് നിയമസഭയിലെ മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. 54 പേർക്കാണ് പത്ത് വർഷംകൊണ്ട്

വയനാട്ടിൽ ജീവൻ നഷ്ടമായത്. എന്റെ നിയോജകമണ്ഡലമായ കല്പറ്റയിലെ മേപ്പാടി പഞ്ചായത്തിൽ മാത്രം അഞ്ച് പേർ കാട്ടാന ആക്രമണത്തിൽ മരണപ്പെടുന്ന ഗുരുതരമായ സാഹചര്യമുണ്ടായി. എട്ട് വർഷത്തിനിടയിൽ 55839 ആക്രമണങ്ങളാണുണ്ടായത്. 7492 പേർക്ക് പരിക്കേൽക്കുകയും 68 കോടി 43 ലക്ഷം രൂപയുടെ കൃഷിനാശമുണ്ടാകുകയും ചെയ്തു. വയനാട്ടിൽ രണ്ടാഴ്ചയ്ക്കിടെ കാട്ടാന ആക്രമണത്തിൽ മരണപ്പെടുന്ന രണ്ടാമത്തെ വ്യക്തിയാണ് അജീഷ് എന്ന ഈ ചെറുപ്പക്കാരൻ. ആർക്കാണ് അജീഷിന്റെ മരണത്തിന് ഉത്തരവാദിത്വം? ജനുവരി അഞ്ചാം തീയതി മോഴയാന മുത്തങ്ങ വന്യജീവി സങ്കേതത്തിൽ എത്തിയതായി വിവരം ലഭിച്ചിരുന്നു. ആധുനിക സംവിധാനങ്ങളായ ആർട്ടിഫിഷ്യൽ ഇന്റലിജൻസും ഡ്രോണും എക്യുപ്മെന്റ്സും ഉണ്ടല്ലോ, റേഡിയോ കോളറിൽനിന്ന് ഒരു സിഗ്നൽ കിട്ടി നമ്മുടെ ഭൂപ്രദേശത്തേയ്ക്ക് എത്തിയെന്ന വിവരം ലഭിച്ചാൽ പിന്നീട് അതിനെ trace ചെയ്ത് പിന്തുടരേണ്ട ഉത്തരവാദിത്വം ആർക്കാണ്; നമുക്കല്ലേ? ആ ദൗത്യം അവിടെ നിർവ്വഹിക്കപ്പെട്ടോ? ഇത് മോഴയാനയാണെന്നും അത് നമ്മുടെ ഭൂപ്രദേശത്തേയ്ക്ക് എത്തിയിട്ടുണ്ടെന്നും ഗൗരവകരമായ സാഹചര്യമാണുള്ളതെന്നും ഫെബ്രുവരി 7-ാം തീയതി CCF (Chief

Conservator of Forests) പത്രസമ്മേളനത്തിൽ പറഞ്ഞിട്ടും ഏത് രീതിയിലുള്ള നടപടിയാണെടുത്തത്? റേഡിയോ കോളർ എന്നത് വന്യമൃഗത്തിന്റെ സഞ്ചാരപഥം അറിയാനുള്ള സാധനം മാത്രമല്ല, അതിൽ അതിന്റെ സ്വഭാവംകൂടി അറിയാനുള്ള മാർഗ്ഗങ്ങളുണ്ട്. ഇതുമായി ബന്ധപ്പെട്ടുകൊണ്ട്  സർക്കാരിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ സാധിച്ചത്? ആനയെ track ചെയ്ത് കഴിഞ്ഞാൽ മനുഷ്യവാസകേന്ദ്രങ്ങളിലേയ്ക്ക് വരാതെ തുരത്തി കാട്ടിലേയ്ക്ക് പറഞ്ഞയയ്ക്കണം. സർക്കാർ അതിനുള്ള നടപടികൾക്ക് നേതൃത്വം കൊടുത്തോ? ഒരു നടപടിയും സ്വീകരിച്ചില്ല. 09-02-2024-ന് ആന നീർവാരത്തും പിന്നീട് പടമല ഭാഗത്തുമെത്തിയെങ്കിലും ഒരു മുന്നറിയിപ്പും നൽകിയില്ല. കടുങ്കേരി മണിമൂടി കോളനിയിലെ അമ്പലത്തിൽ ഉത്സവമായിരുന്നു. അജീഷിന്റെ മരണത്തിൽ ദുഃഖഭാരമുണ്ടെങ്കിലും ഞങ്ങൾ വലിയ ആശ്വാസത്തിലാണ്. മണിക്കൂറുകളുടെ വ്യത്യാസത്തിൽ ആ അമ്പലത്തിലെ ഉത്സവത്തിന്റെ സമയത്തെങ്ങാനും ആന വന്നിരുന്നെങ്കിൽ ഇന്ന്  വയനാടിന്റെ അവസ്ഥ എന്താകുമായിരുന്നു? 10-02-2024-ന് പുലർച്ചെ 1.30-ന് ആന ജനവാസ മേഖലയിലേയ്ക്കിറങ്ങിയെന്ന് സർക്കാരിന് വിവരം ലഭിച്ചു. പുലർച്ചെ 6.00

മണിയോടുകൂടി ആന ചാലിഗദ്ദയിലെത്തി. വനം വകുപ്പിന്റെ ഫോളോ അപ്പ് ആക്ഷൻസും തുരത്തൽ നടപടികളും അനുബന്ധ കാര്യങ്ങളും എന്തെങ്കിലും ചെയ്യാൻ സാധിച്ചോ എന്നുള്ളത് ഗൗരവത്തോടുകൂടി പരിശോധിക്കപ്പെടേണ്ടതാണ്. എന്താണ് നടക്കുന്നത്? ഒരു ജീവൻ പൊലിഞ്ഞാൽ ഒരു യോഗം, ആ യോഗം നടത്തിയാൽ കുറേ തീരുമാനം, ആ തീരുമാനം പിന്നെ പാലിക്കില്ല. ഒരു നടപടിയുമില്ല. ഇത് തുടർച്ചയായി നടക്കുകയാണ്. ഞങ്ങൾക്കിനി യോഗം വേണ്ട. വന്യമൃഗ ആക്രമണം നേരിടുന്ന ഭൂപ്രദേശങ്ങൾക്ക് തീരുമാനങ്ങളാണ് വേണ്ടത്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിലേയ്ക്ക് ഒരു കാര്യം കൂടി കൊണ്ടുവരാനാഗ്രഹിക്കുന്നു. ഞാൻ എം.എൽ.എ. ആകുന്നതിന് മുൻപ് എന്റെ നിയോജകമണ്ഡലത്തിൽ 21-05-2016-ന് കാട്ടാന ആക്രമണത്തിൽ മരിച്ച മണിയുടെ മകന് ജോലി കൊടുക്കുമെന്ന് പറഞ്ഞ് അന്നത്തെ എം.എൽ.എ.-യും നേതാക്കളും ഡി.എഫ്.ഒ.-യും (ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ) കൊടുത്ത കുറിപ്പാണിത് (പ്രസ്തുത കടലാസ് സഭയിൽ ഉയർത്തിക്കാണിച്ചു). ഞാനും ബഹുമാനപ്പെട്ട മന്ത്രിക്ക് കത്ത് നൽകിയിരുന്നു. എന്നിട്ട് സർക്കാർ ജോലി നൽകിയോ? അജീഷിന്റെ കുടുംബത്തിനും സർക്കാർ നൽകിയ ഉറപ്പ്

അതുപോലെയാകുമോ?

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. ടി. സിദ്ദിഖ്: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ഇവിടെ ഗുരുതരമായ കാര്യമുണ്ട്. നിയമം സർക്കാരിന് നൽകിയ ചില അധികാരങ്ങളുണ്ട്. Cr.P.C. Section 133 (1)(f), വന്യജീവി സംരക്ഷണ നിയമം സെക്ഷൻ 11(1)(a) എന്നിവ പ്രകാരം കളക്ടർക്കോ ചീഫ് വൈൽഡ്ലൈഫ് വാർഡനോ നടപടിയെടുക്കാം, വെടിവയ്ക്കാനുള്ള നടപടിക്ക് നേതൃത്വം കൊടുക്കാം. ഒരു കൂട് വയ്ക്കാൻ ഞങ്ങൾ കാത്തുനിൽക്കേണ്ടത് രണ്ടും മൂന്നും ദിവസമാണ്. മയക്കുവെടി വയ്ക്കാൻ രണ്ടും മൂന്നും ദിവസം കാത്തുനിൽക്കുകയാണ്. അപ്പോഴത്തേയ്ക്ക് കൃഷി നശിക്കും, ആളുകളെ ആക്രമിക്കും. ഇങ്ങനെ പോകാൻ പറ്റുമോ? ഇത്രയും ഗുരുതരമായ സാഹചര്യം ഒരു കാലഘട്ടത്തിലുമുണ്ടായിട്ടില്ല. വന്യജീവികൾ യഥേഷ്ടം പെരുകുകയാണ്. അതിനെതിരെ നടപടിയുണ്ടാകണം. അപകടകാരിയായ മോഴയാന എത്തിയെന്ന വിവരം ലഭിച്ചിട്ടും അതിനെ തുരത്തുന്നതിനുള്ള നടപടി സ്വീകരിക്കാതെ ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ മോഴയാനയെ കൃത്യമായി നിരീക്ഷിക്കുന്നതിലും ജനങ്ങൾക്ക്

അപകടത്തെക്കുറിച്ച് ഒരു മുന്നറിയിപ്പ് നൽകുന്നതിലും ദയനീയമായി പരാജയപ്പെട്ടു. കർണ്ണാടക, തമിഴ്നാട് സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന ജില്ലയാണ് വയനാട്, മുഴുവൻ വനമേഖലയാണ്. ബേലൂർ മഖ്നയെന്ന ഈ മോഴയാന വന്ന സന്ദർഭത്തിൽ അന്തർസംസ്ഥാന സഹകരണം സർക്കാർ നടപ്പാക്കിയിരുന്നെങ്കിൽ അജീഷ് എന്ന സാധാരണക്കാരൻ മരിക്കില്ലായിരുന്നു. അന്തർ സംസ്ഥാന ഏകോപനത്തിന് നിയമപരമായ ഒരു നടപടിക്കും നേതൃത്വം കൊടുക്കാത്ത ഈ ഗവൺമെന്റും ബഹുമാനപ്പെട്ട മന്ത്രിയും അദ്ദേഹത്തിന്റെ വകുപ്പുമാണ് അജീഷിന്റെ മരണത്തിൽ ഒന്നാമത്തെ പ്രതി എന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. അതുകൊണ്ടുതന്നെ ജനാധിപത്യ കേരളക്കരയിൽ വനത്തോടുചേർന്നുള്ള മേഖലയിലെ മനുഷ്യ-വന്യജീവി സംഘർഷത്തിൽ ജീവൻ പൊലിയുന്ന ഈ പ്രശ്നം സഭ നിർത്തിവച്ച് ഗൗരവതരമായി ചർച്ച ചെയ്യണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: പ്രസ്തുത സംഭവം നടന്ന സ്ഥലത്തെ എം.എൽ.എ. എന്ന നിലയിൽ ശ്രീ. ഒ. ആർ. കേളു ഒരു കത്ത് നൽകിയിട്ടുണ്ട്. അതിനാൽ

അദ്ദേഹത്തിന് സംസാരിക്കാവുന്നതാണ്.

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, എന്റെ മണ്ഡലത്തിലാണ് ഈ ദുഃഖകരമായ സംഭവം ഉണ്ടായത്. ഇതൊരു ഒറ്റപ്പെട്ട സംഭവമല്ല. കർണ്ണാടകയിൽനിന്നും റേഡിയോ കോളർ പിടിപ്പിച്ചുവന്ന ആന തന്നെയാണ് ഇപ്പോൾ ഈ പ്രശ്നങ്ങളെല്ലാം ഉണ്ടാക്കുന്നത്. ഇന്നലെ രാത്രിയും ഇന്ന് പുലരുന്നതുവരെയും ഡി.എഫ്.ഒ. (ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ) ഉൾപ്പെടെയുള്ള ഫോറസ്റ്റ് ഉദ്യോഗസ്ഥർ കാടിനുള്ളിൽതന്നെയാണ് ക്യാമ്പ് ചെയ്തുകൊണ്ടിരിക്കുന്നത്. മോഴയാനയിൽ പിടിപ്പിച്ചിരിക്കുന്ന റേഡിയോ കോളറും ആന്റിന സംവിധാനങ്ങളൊക്കെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നത് കർണ്ണാടക ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നമ്മുടെ വനംവകുപ്പ് ഉദ്യോഗസ്ഥർക്ക് യഥാസമയം കൃത്യമായ കമ്മ്യൂണിക്കേഷൻ ലഭിക്കാത്ത സാങ്കേതിക പ്രശ്നങ്ങളുണ്ട്. ഏകദേശം അഞ്ച് മണിക്കൂറൊക്കെ ഇടവിട്ടാണ് പലപ്പോഴും കമ്മ്യൂണിക്കേഷൻ കിട്ടുന്നത്. ഇതിന്റെയൊരു പ്രയാസം നമുക്ക് ഉണ്ടാകുന്നുണ്ട്. ഈ വിഷയത്തിൽ ഇന്നലെ രാത്രിയും ഇന്ന് രാവിലെയുമൊക്കെ മണ്ഡലത്തിൽ പ്രതിഷേധമുണ്ട്. ആ കാര്യങ്ങളൊക്കെ കണക്കിലെടുക്കേണ്ടതുണ്ട്. എനിക്കിവിടെ സൂചിപ്പിക്കാനുള്ളത്,

വന്യമൃഗങ്ങൾ വർദ്ധിച്ചുവരികയാണ്, അതുപോലെ അന്യസംസ്ഥാനങ്ങളിനിന്നും വന്യമൃഗങ്ങൾ നമ്മുടെ സംസ്ഥാനങ്ങളിലേയ്ക്ക് വരുന്നത് അതിന്റെ ബാഹുല്യം വർദ്ധിപ്പിക്കുകയും ചെയ്യുകയാണ്. എന്റെ മണ്ഡലത്തിൽ 2 കോടി രൂപ എം.എൽ.എ. ഫണ്ടുപയോഗിച്ച് ഹാങിംഗ് ഫെൻസിംഗിന്റെ നിർമ്മാണ പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയാണ്. പ്ലാൻ ഫണ്ടുപയോഗിച്ച് 6 കോടി രൂപയുടെ ഫെൻസിംഗിന്റെ പ്രവർത്തനവും നടന്നുകൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ എലിഫന്റ് ട്രെഞ്ചിംഗ് ഏകദേശം പൂർത്തിയായിട്ടുണ്ട്. പക്ഷെ ഇതൊന്നും ഒരു ശാശ്വതമായ പരിഹാരമല്ല എന്നാണ് കാര്യങ്ങൾ പരിശോധിക്കുമ്പോൾ നമുക്ക് മനസ്സിലാകുന്നത്. ഇങ്ങനെയൊരു വിഷയം കേരളത്തിൽ ഇന്നോ ഇന്നലെയോ ഉണ്ടായതല്ല, വർഷങ്ങളായി തുടർന്നുവരുന്ന സംഭവവികാസമാണ്. ആ ഒരു പശ്ചാത്തലത്തിൽ ആശയപരമായി അങ്ങോട്ടും ഇങ്ങോട്ടും ഈ കാര്യങ്ങൾ പറയുന്നതിനുപകരം കാലാനുസൃതമായി ഇത്തരം കാര്യങ്ങൾ എങ്ങനെ കൈകാര്യം ചെയ്യാൻ സാധിക്കും എന്നുള്ളത് കേരള ഗവൺമെന്റിൽ മാത്രം നിക്ഷിപ്തമല്ലാത്ത കാര്യമായതുകൊണ്ട് കേന്ദ്ര ഗവൺമെന്റുമായിക്കൂടി ആലോചിച്ചുകൊണ്ട് ഒരു

ശാശ്വത പരിഹാരം ഉണ്ടാക്കുന്നതിനുള്ള ചർച്ചയും മറ്റ് കാര്യങ്ങളും നാം നടത്തേണ്ടതുണ്ട്. കഴിഞ്ഞ ജനുവരി 30-ാം തീയതി ഞാൻ ഈ കാര്യം അവതരിപ്പിച്ചിരുന്നു. ഇന്നലെ ഈ കാര്യങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ഈ വിഷയത്തിൽ ഒരു ഉന്നതതല യോഗം വിളിക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ടെന്നുമാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. നമ്മൾ സഭയിൽ പരസ്പരം പോരടിച്ചതുകൊണ്ട് ഒരു കാര്യവുമില്ല എന്നതാണ് അടിവരയിട്ട് പറയാനുള്ളത്. ഇതെല്ലാവർക്കും ബോധ്യമുള്ളതാണ്. അതുകൊണ്ട് വിദേശ രാജ്യങ്ങളിലൊക്കെ പുതിയ രീതിയിൽ കാര്യങ്ങൾ ചെയ്തുവരുന്നതുപോലെ ഭാവിയിൽ കാലഘട്ടത്തിനനുസൃതമായി ഈ കാര്യത്തിനുവേണ്ടിയുള്ള മാർഗ്ഗങ്ങൾ ആലോചിക്കുന്നതിന് പൊതുവായ കൂട്ടായ്മയാണ് നമുക്ക് ഇനി ആവശ്യം എന്നുള്ളതാണ് ബഹുമാനപ്പെട്ട സഭ മുമ്പാകെ ബോധിപ്പിക്കാനുള്ളത്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട രണ്ട് എം.എൽ.എ.-മാരും പറഞ്ഞ വിഷയത്തിന്റെ ഗൗരവം പരിഗണിക്കാതെയല്ല ഞാൻ കാര്യങ്ങൾ ആവർത്തിക്കുന്നത്. അതിനെക്കുറിച്ച് ഓരോന്നോരോന്നായി മറുപടി പറയാനുമല്ല ഞാൻ

ശ്രമിക്കുന്നത്. ബഹുമാനപ്പെട്ട കൽപ്പറ്റ എം.എൽ.എ. സംസാരിച്ചപ്പോൾ ആദ്യംതന്നെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിച്ചതിൽ എനിക്ക് അതിയായ പ്രയാസമുണ്ട് എന്ന് ഞാൻ അദ്ദേഹത്തെ അറിയിക്കുകയാണ്. വനം വകുപ്പ് പ്രവർത്തിക്കുന്നത് എങ്ങനെയാണ് എന്ന് പറയാൻ മാത്രമാണ് ഞാൻ ആദ്യം ശ്രമിച്ചത്. ആ കൂട്ടത്തിൽതന്നെ ഞാൻ അർത്ഥശങ്കയ്ക്കിടയില്ലാത്ത വിധത്തിൽ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുക എന്നത് ഭരണകൂടത്തിന്റെ ഉത്തരവാദിത്വമാണെന്ന കാര്യം സഭയുടെ മുമ്പാകെ പറയുകയും ചെയ്തിരുന്നു എന്ന് ബാക്കി അംഗങ്ങളെങ്കിലും ഓർത്താൽ നന്നായിരുന്നുവെന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ. മാനന്തവാടി എം.എൽ.എ. ആ സംഭവമുണ്ടായ നിമിഷംതൊട്ട് അവിടെത്തെ ജനങ്ങളുമായി ബന്ധപ്പെട്ട് പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശ്രമങ്ങളിലാണ് ഏർപ്പെട്ടിരുന്നത്. ബഹുമാനപ്പെട്ട കൽപ്പറ്റ എം.എൽ.എ. അവിടെ പ്രകോപനമുണ്ടാക്കാൻ ശ്രമിച്ചുവെന്ന് ഞാൻ പറയില്ല, അവിടെ പക്വതയോടുകൂടിതന്നെയാണ് പെരുമാറിയത്. അവിടെ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലാണ് നഷ്ടപരിഹാരത്തുക, ജോലി എന്നീ വിഷയങ്ങളെ സംബന്ധിച്ചുള്ള തീരുമാനമെടുത്തത്. 2016-ൽ എടുത്ത തീരുമാനം

നടപ്പാക്കിയിട്ടില്ലെന്ന് ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. അതിനുശേഷം ഒരുപാട് ദുരന്തങ്ങൾ അവിടെ ഉണ്ടായിട്ടുണ്ടല്ലോ, ആ ദുരന്തങ്ങളിൽ പരിഹാരം കാണാനുള്ള ശ്രമങ്ങളിലും ബഹുമാനപ്പെട്ട അംഗം ഇടപെട്ടിരുന്നു. അന്ന് പറഞ്ഞ വാക്കുകളൊക്കെ പാലിച്ചില്ലേ; ജോലി കൊടുത്തില്ലേ; നഷ്ടപരിഹാരത്തുക പറഞ്ഞ ദിവസം എത്തിച്ചില്ലേ? പക്ഷെ 2016-ലെ സംഭവം ബഹുമാനപ്പെട്ട അംഗം എന്റെ ശ്രദ്ധയിൽപ്പെടുത്തിയത് നന്നായി. അങ്ങനെയൊരു വാഗ്ദാനം നൽകിയിട്ടുണ്ടെങ്കിൽ തീർച്ചയായും അത് പാലിക്കാനുള്ള ഉത്തരവാദിത്വം സർക്കാരിന് തന്നെയാണ്, ഒരു സംശയവും ആർക്കും വേണ്ട. അത് പരിശോധിച്ച് വാഗ്ദാനങ്ങൾ പാലിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ടെങ്കിൽ തീർച്ചയായും അത് പാലിക്കാനുള്ള നടപടിയെടുക്കും. ഇപ്പോഴും നമ്മൾ ചെയ്യുന്നതെന്താണ്? പത്ത് ലക്ഷം രൂപ കൊടുക്കാൻതന്നെയാണ് തീരുമാനിച്ചത്. കൂടുതൽ സംഖ്യ വേണമെന്ന ആവശ്യം സ്വാഭാവികമായും ഉയർന്നുവന്നിട്ടുണ്ട്. ജോലി സാധ്യത പരിശോധിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടുതൽ എന്തെങ്കിലും സഹായം നൽകാൻ സാധിക്കുമോയെന്ന് പരിശോധിച്ച് അറിയിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്നോട്

നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ആ രൂപത്തിലെല്ലാം ആ കുടുംബത്തിന്റെ ദാരുണാവസ്ഥയിൽനിന്നും അവരെ ആശ്വസിപ്പിക്കാൻ പറ്റുംവിധത്തിലുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. ഒരു പ്രശ്നമുണ്ടാകുമ്പോൾ രണ്ട് തരത്തിൽ പെരുമാറാൻ സാധിക്കും. ഒന്ന്, അവിടെ ഓടിയെത്തി ആ കാര്യങ്ങളിൽ നേതൃത്വം നൽകാൻ ശ്രമിച്ചതിൽ മന്ത്രിയും പങ്കെടുത്തിരുന്നുവെന്ന ഒരു ഭാഗമുണ്ട്. രണ്ടാമത്തേത്, അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ഉത്തരവാദപ്പെട്ട കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് അതത് സമയത്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക എന്നൊരു വശവുമുണ്ട്. ഞാൻ സ്വീകരിച്ചത് രണ്ടാമത്തെ വഴിയാണ്. രണ്ടും തെറ്റല്ല, രണ്ടും സ്വീകരിക്കാവുന്നതുതന്നെയാണ്. അതിന് ഒരു മടിയും നമുക്കാർക്കും ഇതുവരെയുമുണ്ടായിട്ടില്ലെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. മാനന്തവാടി എം.എൽ.എ. പറഞ്ഞതുപോലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇക്കാര്യത്തിൽ നേരിട്ട് ഇടപെടുകയും എനിക്ക് ആവശ്യമായ ഉപദേശങ്ങൾ നൽകുകയും ചെയ്തതിന്റെകൂടി അടിസ്ഥാനത്തിലാണ് അവിടെ ഒത്തുതീർപ്പ് നടന്നത്. രാവിലെ മുതൽ അവിടെ നടന്ന കാര്യമെന്താണ്? ബഹുമാനപ്പെട്ട ജില്ലാ കളക്ടറെ രണ്ടുമൂന്ന്

മണിക്കൂർ തടഞ്ഞുവച്ചു. മറ്റ് കാര്യങ്ങൾ നിർവ്വഹിക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥനാണ് ജില്ലാ പോലീസ് മേധാവി, അദ്ദേഹത്തെയും അവിടെ തടഞ്ഞുവച്ചു. പ്രകോപനം സൃഷ്ടിച്ച് മറ്റൊരു തരത്തിലേയ്ക്ക് പ്രശ്നത്തെ കൊണ്ടുപോകാനുള്ള ശ്രമങ്ങൾ നടക്കുന്നതായ റിപ്പോർട്ട് ലഭിച്ചതിനെത്തുടർന്നുതന്നെയാണ് വളരെ പക്വതയോടുകൂടി ഭരണകൂടം പെരുമാറിയതെന്ന വസ്തുത ഞാൻ താങ്കളുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അങ്ങനെയില്ലായിരുന്നെങ്കിൽ മറ്റൊരു തരത്തിലേയ്ക്കാകും കാര്യങ്ങൾ പോകുക. ജില്ലാ കളക്ടറെയും പോലീസിനെയും തടഞ്ഞുവയ്ക്കുമെന്നും മന്ത്രി വന്നാൽ അദ്ദേഹത്തെയും തടഞ്ഞുവയ്ക്കുമെന്നുമുള്ള റിപ്പോർട്ട് ലഭിച്ചതിന്റെകൂടിയടിസ്ഥാനത്തിൽ  കൂടുതൽ കരുതലോടുകൂടിയുള്ള ശ്രമമാണ് നടത്തുന്നത്. അത്തരം എക്സ്ട്രീമായ നിലപാടിലേയ്ക്ക്, നമ്മൾ ആളുകളെ വികാരപരമായ പശ്ചാത്തലത്തിലെത്തിക്കുന്നത് വയനാടിന് ആത്യന്തികമായി ദോഷം ചെയ്യുമെന്ന കാര്യംകൂടി ......  (....ബഹളം....)

<u>ശ്രീ. ടി. സിദ്ദിഖ്</u>: ....(മൈക്ക് ഓഫ്).

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, അങ്ങ് പ്രകോപിതനാകുന്നത് എന്തിനാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. അവിടെ പ്രതിഷേധിച്ചത്

ജനങ്ങളാണെന്ന് അറിയാത്തവരല്ല നമ്മൾ. ഞാൻ ഒരു വസ്തുത സഭയെ അറിയിച്ചതാണ്. അത് അതിന്റെ ഗൗരവത്തിൽ എടുക്കുമെന്നാണ് കരുതുന്നത്. അങ്ങനെയൊരു ചെറിയ നീക്കം നടത്തുന്ന ആളുകളും ആ കൂട്ടത്തിലുണ്ടെന്ന് ദയവായി തിരിച്ചറിയണം. വളരെ ശക്തമായി ഉത്തരവാദിത്വ ബോധത്തോടുകൂടിത്തന്നെയാണ് ഞാൻ ഇത് പറയുന്നത്. നമ്മൾ ജനങ്ങളോടൊപ്പം നിൽക്കണം, ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ശബ്ദമുയർത്തണം. അതിനുവേണ്ടി നമ്മളെല്ലാവരും എല്ലാക്കാലത്തും ശ്രമം നടത്തിയിട്ടുള്ളതാണ്. അതിലൊന്നും ഒരു അസ്വസ്ഥതയോ ഏതെങ്കിലും തരത്തിലുള്ള പ്രയാസങ്ങളോ ഇല്ല. കാരണം നമ്മളെല്ലാവരും ചെയ്തുകൊണ്ടിരിക്കുന്ന കാര്യമാണ്. പക്ഷെ കുറേക്കൂടി ജാഗ്രത പാലിക്കേണ്ട ഘട്ടത്തിലാണ് ഇപ്പോൾ നിൽക്കുന്നത്. ഇന്നുതന്നെ നല്ല രീതിയിലുള്ള പ്രവർത്തനങ്ങളാണ് അവിടെ നടത്തിക്കൊണ്ടിരിക്കുന്നത്. എട്ട് മണി മുതൽ പട്രോളിംഗും പ്രത്യേക ദൗത്യസംഘത്തിന്റെ പ്രവർത്തനവും നടക്കുന്നുണ്ട്. അവർ നല്ലനിലയിലാണ് പ്രവർത്തിക്കുന്നത്. അവരുടെ പ്രവർത്തനത്തിന് ഇന്നുതന്നെ ഫലപ്രാപ്തിയുണ്ടാകുമെന്നാണ് ഞാൻ പറയുന്നത്. വാഗ്ദാനങ്ങൾ പാലിക്കുന്ന കാര്യത്തിൽ ഒരു വീഴ്ചയുമുണ്ടാകില്ല.

ഈ സർക്കാർ ആ കുടുംബത്തോടൊപ്പമാണ്. അതുകൊണ്ടുതന്നെ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ ഇന്നലെ കണ്ണൂരിൽ രണ്ട് വിധവകളെ കണ്ടു. കണ്ണീരോടെ, വളരെ വിതുമ്പലോടുകൂടിയാണ് ആ രണ്ട് വിധവകളും അവരുടെ സങ്കടങ്ങൾ പറഞ്ഞത്. ഒന്ന്, രണ്ട് വർഷം മുമ്പ് പേരാവൂരിലെ പെരിങ്കരിയിൽവച്ച് രാവിലെ ഭാര്യയോടൊപ്പം ബൈക്കിൽ പള്ളിയിൽ പോയ ജസ്റ്റിൻ എന്നയാളെ ആന ആക്രമിച്ച് ഭാര്യയുടെ മുമ്പിൽവച്ച് കൊലചെയ്തു. ജസ്റ്റിന്റെ ഭാര്യ ശ്രീമതി അൽഫോൺസയാണ് അവരുടെ വിഷമവും ജീവിതപ്രയാസങ്ങളും പറഞ്ഞത്. രണ്ടാമത് കണ്ടത്, പാത്തൻപാറയിൽ ആത്മഹത്യ ചെയ്ത കർഷകനായിരുന്ന ജോസിന്റെ ഭാര്യ ശ്രീമതി ലിസിയെയാണ്. ജോസ് അയ്യായിരം വാഴവച്ചു. ആ വാഴകളെല്ലാം

പന്നിക്കൂട്ടം നശിപ്പിച്ചു. അങ്ങനെ വലിയ കടബാധ്യതയായെന്നാണ് ലിസി പറഞ്ഞത്. അവർക്ക് ഒരു രൂപപോലും നഷ്ടപരിഹാരം കൊടുക്കാൻ സർക്കാരിന് ഇതുവരെ കഴിഞ്ഞിട്ടില്ല. നഷ്ടപരിഹാരം കിട്ടാതെ കടബാധ്യത കാരണം ജോസ് ആത്മഹത്യ ചെയ്യുകയായിരുന്നു. രണ്ടുപേരെയും ഒരേ സദസ്സിൽവച്ചാണ് ഞാൻ കണ്ടത്. ഇത് നമ്മുടെ വനാതിർത്തിയിലുള്ള സാധാരണ കർഷക സമൂഹത്തിന്റെയിടയിലുള്ള സങ്കടങ്ങളാണ്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ ഏറ്റവും മുഴച്ചുനിന്നത് ജനക്കൂട്ടം അക്രമാസക്തരായി ജില്ലാ കളക്ടറെയും എസ്.പി.-യെയും തടഞ്ഞുനിർത്തിയെന്നുള്ളതാണ്. സെക്രട്ടേറിയറ്റിന്റെ മുമ്പിൽ സമരത്തിന് വരുന്ന ആളുകളെ കാണുന്ന ലാഘവത്തോടുകൂടി ചില മനുഷ്യരെ കാണരുതെന്നാണ് എന്റെ അഭ്യർത്ഥന. തീരപ്രദേശത്ത് ചെല്ലുമ്പോൾ മത്സ്യത്തൊഴിലാളികൾ വൈകാരികമായി പ്രതികരിക്കാറുണ്ട്. അതിനുകാരണം അവരുടെ പരുപരുത്ത ജീവിത യാഥാർത്ഥ്യങ്ങളാണ്. വനാതിർത്തിയിലെ കർഷകർ അവരുടെ സങ്കടങ്ങളും ദുഃഖങ്ങളും പരുപരുത്ത ജീവിത യാഥാർത്ഥ്യങ്ങളും കാരണം അതിശക്തമായി പ്രതികരിക്കുന്നവരാണ്. ബഹുമാനപ്പെട്ട മന്ത്രി ഒന്ന് സങ്കൽപ്പിച്ചുനോക്കൂ,

നമ്മളും നമ്മുടെ കുടുംബവും ജീവിക്കുന്ന ഒരു പ്രദേശത്ത് ആനയും കടുവയും കാട്ടുമൃഗങ്ങളും ഇറങ്ങിയിരിക്കുന്നു. കുഞ്ഞുങ്ങൾക്ക് സ്കൂളിൽ പോകാനോ മുറ്റത്തിറങ്ങാനോ കഴിയുമോ; വീട്ടുകാർക്ക് പുറത്തിറങ്ങാനോ കടയിൽ പോകാൻ കഴിയുമോ? അവർ കൃഷി ചെയ്ത് ഉപജീവനം നടത്തുന്നവരാണ്. അവർക്ക് റബ്ബർ ടാപ്പ് ചെയ്യാനോ പുല്ലുവെട്ടാൻ പോകാനോ പശുവിനെ കറന്ന പാൽ വിൽക്കാൻ പോകാനോ സാധിക്കുമോ? നിങ്ങളൊന്ന് സങ്കൽപ്പിച്ചുനോക്കൂ. വയനാട്ടിലെ മാത്രമല്ല വനാതിർത്തിയിലെ മുഴുവൻ ജനസമൂഹവും ഭീതിയിലാണ്. എല്ലാക്കാലത്തും ഉണ്ടായിരുന്നതിനേക്കാൾ കൂടുതൽ വന്യമൃഗങ്ങൾ നാട്ടിലേയ്ക്കിറങ്ങുകയാണെന്നത് യാഥാർത്ഥ്യമാണ്. ആനയും കാട്ടുപോത്തും കുരങ്ങും പന്നിയും കടുവയുമെല്ലാം ഇറങ്ങുന്നു. ഇവിടെ ശ്രീ. ഐ. സി. ബാലകൃഷ്ണൻ അദ്ദേഹത്തിന്റെ മണ്ഡലത്തിൽ അഞ്ച് കടുവകളുണ്ടെന്നാണ് പറഞ്ഞത്. ഒരു നിയോജകമണ്ഡലത്തിലെ കാര്യമാണ് അദ്ദേഹം പറഞ്ഞത്. കടുവ പശുക്കളെയും ആടുകളെയും ആക്രമിക്കുന്നതുപോലെ മനുഷ്യനെയും പച്ചയോടെ ഭക്ഷിക്കുന്നത് നിങ്ങളൊന്ന് ആലോചിച്ചുനോക്കൂ. മനുഷ്യർ എങ്ങനെ ജീവിക്കും? എത്രമാത്രം ഭീതിയിലായിരിക്കും ആളുകൾ ജീവിക്കുന്നത്. അവരുടെ

ഉപജീവനമാർഗ്ഗംപോലും നഷ്ടപ്പെടുന്ന സാഹചര്യമാണുള്ളത്. നിങ്ങളുടെ സർക്കാർ ഭരിക്കുന്നതുകൊണ്ടോ ശ്രീ. പിണറായി വിജയൻ മുഖ്യമന്ത്രിയായിരിക്കുന്നതുകൊണ്ടോ വനത്തിൽനിന്നും മൃഗങ്ങൾ ഇറങ്ങിയെന്നൊന്നും ഞങ്ങൾ പറഞ്ഞില്ല. It is the responsibility of the State to protect the life and property of the citizens. അതാണ് ഇവിടെ ശ്രീ. ടി. സിദ്ദിഖ് ആർട്ടിക്കിൾ 21-ൽ ഉദ്ധരിച്ചത്. It is your responsibility. നിങ്ങളാണ് അതിന്റെ മാർഗ്ഗങ്ങൾ അന്വേഷിച്ച് ചെയ്യേണ്ടത്. അതുതന്നെയാണ് മാനന്തവാടി എം.എൽ.എ. ശ്രീ. ഒ. ആർ. കേളുവും പറഞ്ഞത്. അതിന്റെ മാർഗ്ഗങ്ങളും പുതിയ വഴികളും നിങ്ങൾ ആലോചിക്കണം. നിങ്ങളുടെ നിഷ്ക്രിയത്വത്തെയും നിസംഗതയെയുമാണ് ഞങ്ങൾ ചോദ്യം ചെയ്യുന്നത്. നിങ്ങൾ ഒരു കാര്യവും ചെയ്യുന്നില്ല. കണക്കുകൾ വളരെ വ്യക്തമല്ലേ; നഷ്ടപരിഹാരമെങ്കിലും കൃത്യമായി കൊടുക്കുന്നുണ്ടോ? ഏഴായിരത്തോളം പേർക്ക് നഷ്ടപരിഹാരം കൊടുക്കാനുണ്ട്. പരിക്കേറ്റ ആളുകൾക്കും മരിച്ചവരുടെ ബന്ധുക്കൾക്കും കൃഷിക്കാർക്കും കൊടുക്കാനുണ്ട്. നിങ്ങളുടെ കണക്കിൽ ഏഴായിരം പേർക്ക് നഷ്ടപരിഹാരം കൊടുക്കാൻ പെൻഡിംഗാണ്. വന്യജീവി ആക്രമണങ്ങൾ

വർദ്ധിച്ചുവരികയാണെന്ന് സ്റ്റാറ്റിസ്റ്റിക്സ് കാണിക്കുന്നുണ്ട്. ഹ്രസ്വകാലത്തേയ്ക്കും ദീർഘകാലത്തേയ്ക്കും ഇതിനെ നേരിടാനുള്ള എന്ത് സംവിധാനമാണ് നിങ്ങളുടെ വകുപ്പ് സ്വീകരിച്ചിട്ടുള്ളത്; എന്ത് സംവിധാനമാണ് നിങ്ങളുടെ സർക്കാർ സ്വീകരിച്ചിട്ടുള്ളത്? 2024-25-ലെ ബഡ്ജറ്റിൽ ഖണ്ഡിക 123-ൽ Man-animal conflict mitigation measures-ൽ 48.85 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. നിങ്ങൾക്ക് എന്ത് പോളിസി മേക്കിംഗാണുള്ളത്? Man-animal conflict mitigation പ്രോജക്ടിനുവേണ്ടി, മനുഷ്യനെ കടുവയും ആനയും കൊല്ലുന്ന കാലത്ത് 48.85 കോടി രൂപ മാത്രമാണ് നിങ്ങൾ മാറ്റിവച്ചിരിക്കുന്നത്. അതാണ് ഞങ്ങൾ ചോദ്യം ചെയ്യുന്നത്. നിങ്ങൾക്ക് ഒരു പരിപാടിയില്ല, പ്രോജക്ടില്ല, നടപടിക്രമങ്ങളുമില്ല. എന്നിട്ട് കർണ്ണാടകത്തിൽനിന്ന് സിഗ്നൽ കിട്ടിയില്ലെന്ന് പറയാതെ പറയുകയാണ്. ജനുവരി 30-ാം തീയതിയാണ് ആന ഇറങ്ങിയതെന്ന ഒരു factual mistake കൂടി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അതിനുമുമ്പ് ജനുവരി 5-ാം തീയതിതന്നെ ആന ഇറങ്ങിയിട്ടുണ്ടായിരുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): സർ,

ജനവരി 30-ന് അല്ല. ജനവരി 30-ന് കർണ്ണാടക പിടിച്ച ആനയാണെന്നാണ് ഞാൻ ഉദ്ദേശിച്ചത്. അത് തിരുത്താൻ ഞാൻ ഒരുക്കമാണ്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഈ ആനയെ ജനവരി 30-ന് അല്ല കർണ്ണാടകം പിടിച്ചത്. ജനവരി 5-ന് റേഡിയോ കോളർ ഘടിപ്പിച്ചിട്ടുള്ള ബേലൂർ മോഴ എന്ന ആന വയനാട് വൈൽഡ് ലൈഫ് ഡിവിഷനിലെ മുത്തങ്ങ റെയ്ഞ്ചിന്റെ പരിധിയിൽ വന്നതായി വനം വകുപ്പ് അറിഞ്ഞിരുന്നു. അന്നുതന്നെ വനം വകുപ്പ് ആനയെ ട്രാക്ക് ചെയ്യുന്നതിനുള്ള യൂസർ ഐഡിയും പാസ്‌വേഡും കർണ്ണാടക വനം വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നു. യൂസർ ഐഡിയും പാസ്‌വേഡും കർണ്ണാടകം കൈമാറുകയും ചെയ്തു. രണ്ടുമൂന്ന് ദിവസത്തിനുള്ളിൽ ആന ബന്ദിപ്പൂരിലേയ്ക്ക് തിരിച്ചുപോയി. വീണ്ടും ഫെബ്രുവരി 2-ന് ടി ആന വയനാട്ടിലെത്തി. കർണ്ണാടക ഗവൺമെന്റിന് അതുസംബന്ധിച്ച സിഗ്നൽ ലഭിക്കുന്നതിനുള്ള സംവിധാനം യൂസർ ഐഡിയും പാസ്‌വേഡുമാണ്. അത് കേരള വനം വകുപ്പിന് കർണ്ണാടക വനം വകുപ്പ് കൈമാറിയിരുന്നു. ആനയെ സംബന്ധിച്ചുള്ള സിഗ്നൽ കർണ്ണാടക വനം വകുപ്പിന് ലഭിക്കുന്നതുപോലെതന്നെ കേരള വനം വകുപ്പിനും

ലഭിക്കും. എന്നാൽ അതിൽ കർണ്ണാടകയ്ക്കും കേരളത്തിനും ഒരോപോലെയുള്ള പ്രശ്നങ്ങളുണ്ട്. സാറ്റലൈറ്റ് മുഖേനയുള്ള സിഗ്നൽ ലഭിച്ചാൽ അതിനെ ഡി-കോഡ് ചെയ്തെടുക്കാൻ രണ്ടുമൂന്ന് മണിക്കൂർ സമയമെടുക്കും. കർണ്ണാടകം അവരുടെ യൂസർ ഐഡിയും പാസ്‌വേഡും ഉപയോഗിച്ച് സിഗ്നൽ എടുത്ത് ഡി-കോഡ് ചെയ്യാൻ മൂന്ന് മണിക്കൂർ എടുക്കുന്നതുപോലെ അതേ സിഗ്നലും പാസ്‌വേഡും ഉപയോഗിക്കുമ്പോൾ കേരളത്തിനും വിവരങ്ങൾ ലഭിക്കാൻ മൂന്ന് മണിക്കൂർ താമസമുണ്ടാകും. ബഹുമാനപ്പെട്ട ടി. സിദ്ദിഖ് എം.എൽ.എ. പറഞ്ഞതുപോലെ നമ്മുടെ റെയ്ഞ്ചിൽ/നമ്മുടെ പ്രദേശത്ത് ഫെബ്രുവരി 2-ാം തീയതി മുതൽ ആന എത്തിയിട്ടുണ്ടെന്ന കാര്യം നമുക്കറിയാം. ചെറിയ ചെറിയ ലോക്കേഷന്റെ വ്യത്യാസമേയുള്ളൂ. അതിനെ കൃത്യമായി ലോക്കേറ്റ് ചെയ്യാനുള്ള ഒരു സംവിധാനവും വനം വകുപ്പിനില്ല. മുത്തങ്ങ ഡിവിഷനിൽ അപകടകാരിയായ ആന എത്തിയിട്ടുണ്ടെന്ന് അറിഞ്ഞാൽപ്പോലും അതിനെ ട്രാക്ക് ചെയ്യാനുള്ള ഒരു സംവിധാനവുമില്ല. ഞാൻ മാനന്തവാടിയിലെ ഒരു സംഭവം ഉദാഹരണമായി പറയാം. ശ്രീ. സണ്ണി ജോസഫ് നിയമസഭയിൽ ഉന്നയിച്ച വിഷയമാണത്. ഒരുവർഷം മുമ്പ് തോമസ് എന്ന വ്യക്തിയെ കടുവ

കൊലപ്പെടുത്തുകയുണ്ടായി. കണ്ണൂർ ജില്ലയിലെ ഉളിക്കൽ പഞ്ചായത്തിൽ ഡിസംബർ 2-ന് നാട്ടുകാർ കണ്ട കടുവ പല സ്ഥലങ്ങളിലും പ്രത്യക്ഷപ്പെട്ട് നാൽപ്പത് ദിവസത്തിനുശേഷമാണ് മാനന്തവാടിയിൽ എത്തി തോമസിനെ സ്വന്തം വീട്ടുപറമ്പിൽവച്ച് കൊലപ്പെടുത്തിയത്. കടുവ ഇറങ്ങിയിട്ടുണ്ടെന്ന് അറിയിച്ചാൽപ്പോലും അത് എവിടെയാണെന്ന് ലോക്കേറ്റ് ചെയ്യുന്നതിനുള്ള സംവിധാനമില്ല. സർക്കാർ ആളുകളുടെ ജീവനും സ്വത്തും വന്യജീവികൾക്കുവേണ്ടി വിട്ടുകൊടുത്തിരിക്കുകയാണ്. അവരുടെ ദയാവായ്പിലാണ് വനാതിർത്തിയിൽ താമസിക്കുന്ന പാവപ്പെട്ടവന്റെ ജീവനും സ്വത്തുമെന്ന തിരിച്ചറിവുണ്ടാകണം.

കാർഷിക മേഖലയിലെ സ്ഥിതി എന്താണ്? കാർഷിക മേഖല സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയാണ്. ആളുകളുടെ ഉപജീവന മാർഗ്ഗമാണ്. കപ്പ്, ചേമ്പ്, ചേന തുടങ്ങിയ കിഴങ്ങുവിളകൾ കൃഷി ചെയ്യാൻ സാധിക്കുന്നില്ല. കൃഷി ചെയ്താൽ അവയെല്ലാം പന്നി നശിപ്പിക്കും. നാളികേരം കരിക്കിന് മുമ്പുള്ള രൂപത്തിൽ ആകുമ്പോൾത്തന്നെ കുരങ്ങുകൾ നശിപ്പിക്കും. വാഴയുൾപ്പെടെയുള്ള മുഴുവൻ കൃഷിയും ആനക്കൂട്ടം നശിപ്പിക്കും. റബ്ബറിന്റെ തൈ നട്ടുപിടിപ്പിച്ചാൽ അതിനെയും നശിപ്പിക്കും. തെങ്ങ് മറിച്ചിടും.

ഒരുതരത്തിലുള്ള കൃഷിയും ചെയ്യാൻ സാധിക്കുന്നില്ല. അവിടെയുള്ള ആളുകൾ പട്ടിണിയിലാണ്. അതിനാലാണ് പലരും ആത്മഹത്യ ചെയ്യുന്നത്. കഴിഞ്ഞ ദിവസം (10-ാം തീയതി) എന്റെയടുത്ത് കാസർഗോഡ് ജില്ലയിലെ നാല് പെൺമക്കളുള്ള ഒരു ചെറുപ്പക്കാരൻ വന്നിരുന്നു. അദ്ദേഹം കൃഷി ചെയ്തത് മുഴുവൻ വന്യമൃഗങ്ങൾ നശിപ്പിച്ചു. അദ്ദേഹത്തിന്റെ മകളെ നഴ്സിംഗ് പഠനത്തിനായി ബാംഗ്ലൂരിൽ അയച്ചിരുന്നെങ്കിലും പഠിപ്പിക്കാൻ പണമില്ലാത്തതിനാൽ പഠനം നിർത്തി തിരിച്ചുവരാൻ മകളോട് പറഞ്ഞു. ജീവിക്കാൻ നിവൃത്തിയില്ല. നിങ്ങളെല്ലാവരും കൂടി ഇടപെട്ട് എനിക്ക് നഷ്ടപരിഹാരം വാങ്ങിത്തന്നില്ലെങ്കിൽ ഞാനും എന്റെ ഭാര്യയും നാല് പെൺമക്കളുംകൂടി ആത്മഹത്യ ചെയ്യുമെന്ന് നെഞ്ചുപൊട്ടിക്കൊണ്ടാണ് അദ്ദേഹം പറഞ്ഞത്. ഞാൻ ഇത് രാഷ്ട്രീയമായ വിഷയമായിട്ടല്ല അവതരിപ്പിക്കുന്നത്. ആ വിതുമ്പൽ കേൾക്കാൻ, ആ നിലവിളി കേൾക്കാൻ..... നിങ്ങൾ അറിയണ്ടേ; നഷ്ടപരിഹാരം നൽകണമെന്നത് നിയമമാണ്, ഔദാര്യമല്ല. അങ്ങുപറഞ്ഞതുപോലെ സഹായധനമാണ്. നഷ്ടം നികത്താൻ പറ്റില്ല. കൊടുക്കാനുള്ള സഹായം കൊടുക്കണം. അത് കൊടുക്കാതിരുന്നാൽ അവർ എന്തുചെയ്യും; ജീവിക്കാൻ നിവൃത്തിയില്ലാത്ത

സാഹചര്യമാണ്. മരണഭീതിയാണ്. മരണ ഭയമുണ്ടാകുമ്പോൾ ആളുകൾ ശക്തമായി പ്രതികരിക്കും. ആരും ചെന്ന് ചൂടാക്കുന്നതൊന്നുമല്ല. ചൂടാക്കുന്നുവെന്നത് നിങ്ങളുടെ തെറ്റിദ്ധാരണയാണ്. ശ്രീ. ടി. സിദ്ദിഖ് എം.എൽ.എ. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി അവിടെ പോകാത്തതിൽ വിഷമിച്ചിട്ട് കാര്യമില്ല. വനം വകുപ്പുമന്ത്രി അവിടെ പോകണ്ടെന്നാണ് എന്റെ അഭിപ്രായം. ആ ഏരിയയിലുള്ള ആളുകൾ വൈകാരികമായി പ്രതികരിക്കുന്നവരാണ്. മരണഭയത്തിനിടയിൽ നിൽക്കുന്ന ആളുകളാണ്. ഒരു സംഭവമുണ്ടാകുമ്പോഴുള്ള സ്വാഭാവികമായ പ്രതികരണമാണ്. അവർ മാവോയിസ്റ്റുകളാണ്/തീവ്രവാദികളാണ്/കുഴപ്പക്കാരാണെന്ന് പറഞ്ഞ് അവരുടെ മെയ്ക്കിട്ട് കയറാൻ പോകേണ്ട. അവരെ വെറുതെ വിടണം, പാവങ്ങളാണ്. ജീവിക്കാൻ നിവൃത്തിയില്ലാത്തവരാണ്. ഇന്നലെ ദീപിക പത്രത്തിൽ ഒരു മുഖപ്രസംഗമുണ്ടായിരുന്നു. അതിന്റെ തലക്കെട്ട് "ബോധമില്ലാത്ത ആനയല്ല, കഴിവുകെട്ട സർക്കാരാണ് പ്രതി" എന്നാണ്. ഈ സർക്കാരും അതുതന്നെയാണ്, ഒന്നും ചെയ്യാതെ നിഷ്ക്രിയമായി ഇരിക്കുന്നു. മനുഷ്യന്റെ ജീവനും സ്വത്തും സംരക്ഷിക്കാനുള്ള ബാധ്യത നിറവേറ്റുന്നതിൽ സർക്കാർ പരാജയപ്പെട്ടതിൽ പ്രതിഷേധിച്ച് ഞാനും എന്റെ

പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. കെ. പി. എ. മജീദ്: സർ, വന്യമൃഗങ്ങളുടെ ആക്രമണത്തെ സംബന്ധിച്ച് നിയമസഭയിൽ പലപ്പോഴും ചർച്ച നടത്തിയിട്ടുണ്ട്. പല എം.എൽ.എ.-മാരും ഇത്തരം സംഭവങ്ങൾ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതാണ്. പക്ഷെ ഇന്ന് ഇവിടെ പറഞ്ഞതുപോലെ, അജീഷിന്റെ നിർഭാഗ്യകരമായ മരണത്തിനുശേഷം എത്രയോ മണിക്കൂറുകൾക്കുശേഷമാണ് ആനയെ മയക്കുവെടിവയ്ക്കാൻ അനുവാദം നൽകിയത്. അതുവരെ വനം വകുപ്പ് ഒന്നും ചെയ്തില്ല. കാട്ടിൽ വന്യമൃഗങ്ങൾ പെരുകി വരുന്നുവെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. എന്തുകൊണ്ടാണ് വന്യമൃഗങ്ങൾ നാട്ടിലേയ്ക്ക് ഇറങ്ങുന്നത്. വനത്തിനുള്ളിൽ ആവശ്യത്തിനുള്ള ഭക്ഷ്യവസ്തുക്കളും വെള്ളവും അവയ്ക്ക് ലഭിക്കുന്നില്ല. അതിനുള്ള സംവിധാനം വനത്തിൽ ചെയ്താൽ മാത്രമേ വന്യമൃഗങ്ങളുടെ ആക്രമണത്തെ ചെറുക്കാൻ സാധിക്കുകയുള്ളൂ. മറ്റൊന്ന്, വന്യമൃഗങ്ങൾ നാട്ടിലേയ്ക്ക് ഇറങ്ങിയാൽ ആ വിവരം നാട്ടുകാരെ അറിയിക്കുന്നതിനുള്ള

സംവിധാനങ്ങളൊരുക്കണമെന്നുള്ളതാണ്. യാതൊരു വിധത്തിലുള്ള മുന്നറിയിപ്പുകളും സർക്കാർ കൊടുക്കുന്നില്ല. ഏതെങ്കിലും സ്ഥലങ്ങളിൽ വന്യമൃങ്ങൾ എത്തി ആക്രമണം നടത്തിയാൽ അതുസംബന്ധിച്ച മുന്നറിയിപ്പ് നാട്ടുകാർക്ക് ലഭിക്കണം. അത് വനം വകുപ്പ് ചെയ്യുന്നുണ്ടോ; തമിഴ്നാട് വനം വകുപ്പ് റബ്ബർ ബുള്ളറ്റുകൾ ഉപയോഗിച്ച് വന്യമൃഗങ്ങളെ വെടിവച്ച് തുരത്തുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്നാൽ നമ്മുടെ സംസ്ഥാനത്ത് മയക്കുവെടി വയ്ക്കുന്നതിനെ സംബന്ധിച്ച് സർക്കാർ കോൺഫറൻസ് നടത്തി പോകുന്നുവെന്നതല്ലാതെ യഥാസമയം തീരുമാനമെടുക്കാത്തതിനാൽ എത്ര ആളുകളാണ് ബുദ്ധിമുട്ട് അനുഭവിക്കുന്നത്? സഭയിൽ പലഘട്ടങ്ങളിലായി വന്നിട്ടുള്ള ഈ പ്രശ്നം വളരെ ലാഘവത്തോടുകൂടിയാണ് ഈ സമയത്തും ബഹുമാനപ്പെട്ട മന്ത്രി കാണുന്നത്. അതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. പി. എ. മജീദും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. മോൻസ് ജോസഫ്: സർ, മനുഷ്യ ജീവന് പുല്ലുവിലയാണ് വനം വകുപ്പ് കൽപ്പിക്കുന്നതെന്ന ആക്ഷേപം വ്യാപകമായി ഉയർന്നുവന്നിരിക്കുന്നത് ഇനിയെങ്കിലും ഗവൺമെന്റിന്റെ കണ്ണ് തുറപ്പിക്കട്ടെയെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. വയനാട്ടിൽ കാട്ടാനകൾ ജനങ്ങളുടെ ജീവനെടുക്കുന്ന ഈ സമയത്ത് നിസ്സഹായതയോടുകൂടി നോക്കി നിൽക്കുന്ന, നിസ്സംഗതയോടുകൂടി പ്രവർത്തിക്കുന്ന വനം വകുപ്പിന് കർഷകരുടെ ജീവൻ സംരക്ഷിക്കാൻ കഴിയുന്നില്ലെന്ന് മാത്രമല്ല ആളുകളെ മരണത്തിന് വിട്ടുകൊടുക്കുന്ന ആരാച്ചാർമാരായി നിൽക്കുന്നുവെന്നത് ഏറ്റവും നിർഭാഗ്യകരമാണ്. ദീപിക പത്രത്തിന്റെ മുഖപ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ സർക്കാരിന്റെ കഴിവുകേട് എന്ന പ്രധാനപ്പെട്ട വിഷയം സർക്കാരിന്റെ കണ്ണ് തുറപ്പിക്കേണ്ടതാണ്. ഗവൺമെന്റ് ഈ വിഷയം വളരെ നിസ്സംഗതയോടുകൂടി കാണുമ്പോൾ മൃഗങ്ങളും മനുഷ്യരും തമ്മിലുള്ള ഏറ്റുമുട്ടൽ ഇനിയും തുടരുമെന്നതാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽനിന്നും വ്യക്തമാകുന്നത്. ഇതിനെ ഏറ്റവും ഗൗരവമേറിയ പ്രശ്നമായി കണക്കാക്കി ഗവൺമെന്റ് ഇനിയെങ്കിലും ഉണർന്ന് പ്രവർത്തിക്കേണ്ടതാണ്.

കാട്ടാനകൾക്ക് വനത്തിനുള്ളിൽത്തന്നെ ഭക്ഷണത്തിനുള്ള സാഹചര്യങ്ങളും അതിനുവേണ്ടിയുള്ള ക്രമീകരണങ്ങളും ഒരുക്കുന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കണം. ബഹുമാന്യനായ പി. ജെ. ജോസഫിനെപോലെയുള്ള നിരവധി കർഷക നേതാക്കൾ, ഇത്തരം വിഷയങ്ങൾ നന്നായി പഠിച്ചിട്ടുള്ള ജനപ്രതിനിധികൾ സഭയിൽ ചൂണ്ടിക്കാണിച്ച കാര്യങ്ങൾ എത്രയോ വർഷമായി നമ്മൾ കേട്ടുകൊണ്ടിരിക്കുകയാണ്. ഒന്നും ചെയ്യാൻ സാധിക്കാതെ ഗവൺമെന്റ് ഇപ്പോഴും നോക്കുകുത്തിയായി നിൽക്കുകയാണ്. ഒരോ മനുഷ്യ ജീവനും നഷ്ടപ്പെടുമ്പോൾ ഇതുപോലെയുള്ള വിഷയങ്ങൾ സഭയിൽ കൊണ്ടുവരികയും ഗവൺമെന്റ് ഒരു മറുപടി പറഞ്ഞ് അവസാനിപ്പിക്കുകയുമാണ് ചെയ്യുന്നത്. ഈ വിഷയം ഇവിടെ അവസാനിപ്പിക്കുകയല്ല, ഈ മരണത്തിലൂടെ ഇനിയെങ്കിലും പുതിയൊരു നിലപാടിലേയ്ക്ക് ഗവൺമെന്റ് വരട്ടെ. മൃഗങ്ങളും മനുഷ്യരും തമ്മിലുള്ള ഏറ്റുമുട്ടൽ അവസാനിപ്പിക്കാനും മനുഷ്യ ജീവനുകൾ സംരക്ഷിക്കാനും കർഷകനെ സംരക്ഷിക്കാനും കഴിയുന്ന വിധത്തിൽ ഗവൺമെന്റ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട്

ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫ് സഭ വിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, വയനാട് ജില്ലയിൽ അജീഷിന്റെ മരണം വലിയ ആശങ്കയാണ് ഉളവാക്കിയിട്ടുള്ളത്. ഏറ്റവും ഒടുവിലത്തെ ഇരയാണ് അജീഷ്. നാളെ ഇതുപോലെ അനവധിപേർ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ കൊല്ലപ്പെടുമെന്നുള്ള ഭയം ഇന്ന് വനമേഖലകളിൽ, വയനാട് അടക്കമുള്ള ജില്ലകളിലെ ജനങ്ങളുടെ ആശങ്ക വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. 2016 മുതൽ 2023-വരെ 909 പേരാണ് വന്യജീവി ആക്രമണങ്ങളിൽ കൊല്ലപ്പെട്ടത്. 7492 പേർക്ക് പരിക്കേറ്റിട്ടുണ്ട്. 69 കോടി രൂപയുടെ നഷ്ടം കൃഷിയിനത്തിൽ ഉണ്ടായിട്ടുണ്ട്. ഇവിടെ പ്രതിപാദിച്ചതുപോലെ കൊല്ലപ്പെട്ടവർ, പരിക്കേറ്റവർ, കൃഷിനാശം സംഭവിച്ചവർക്കെല്ലാം അർഹതപ്പെട്ട നഷ്ടപരിഹാരംപോലും മാസങ്ങൾ പിന്നിട്ടിട്ടുപോലും ഗവൺമെന്റിന് നൽകാൻ കഴിയുന്നില്ല. സർക്കാരിന്റെ ഭാഗത്ത് വലിയ നിഷ്ക്രിയത്വം ഇക്കാര്യത്തിലുണ്ടായിരിക്കുന്നു. വന്യജീവികളുടെ ആക്രമണത്തിൽനിന്ന് ജനങ്ങളെ സംരക്ഷിക്കുവാനുള്ള

ഉത്തരവാദിത്വം സർക്കാരിനാണ്. ആ ഉത്തരവാദിത്വത്തിൽനിന്നുള്ള ഒളിച്ചോട്ടമാണ് ഇവിടെ കാണുന്നത്. അവിടെ പ്രതിഷേധമുണ്ടാകുമ്പോൾ പ്രതിഷേധക്കാരെ മോശക്കാരാക്കുന്ന രീതിയിൽ തികച്ചും നിർഭാഗ്യകരമായ പരാമർശമായിപ്പോയി മന്ത്രിയുടേത്. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി)

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഏറ്റവും ദുഃഖകരമായ ഒരു സംഭവമാണ് വയനാട് ജില്ലയിലുണ്ടായത്. ഒരു പ്രദേശത്തെ ജനത മുഴുവൻ ഭയത്തിൽ ജീവിക്കുകയാണ്. ഈ വിഷയം നിരവധി പ്രാവശ്യം സഭയിലുൾപ്പെടെ ചർച്ച ചെയ്തതാണ്. എന്തുകൊണ്ടാണ് ഇതിന് ശക്തമായ നടപടി സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകാത്തതെന്നതാണ് ചോദ്യം. കാട്ടിലെ മൃഗങ്ങൾ നാട്ടിലേയ്ക്ക് നിരന്തരമായി വരികയും ജനങ്ങളുടെ ജീവന് പ്രശ്നമാവുകയും ചെയ്യുന്ന സാഹചര്യത്തെ ഗൗരവത്തിലെടുത്തുകൊണ്ട് പഠനം നടത്തുകയും ഇതിന് നടപടിയുണ്ടാവുകയും വേണം. അത്തരത്തിലുള്ള ഒരുകാര്യവും സർക്കാർ സ്വീകരിക്കുന്നില്ല. വളരെ ലാഘവത്തോടുകൂടി ഈ വിഷയം

സർക്കാർ കൈകാര്യം ചെയ്യുന്നത്. വളരെ ഗുരുതരമായ ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭ വിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരികെ ഹാജരായി.)